# ലൈഫിൽ പൂർത്തിയാവുന്നു 15,000 വീടുകൾ

- 35,000 വീടുകൾകൂടി നിർമിക്കും
- നഗരങ്ങളിൽ എട്ടുലക്ഷം തൊഴിൽദിനങ്ങൾ



**തിരുവനന്തപുരം ▸** ലൈഫ് പദ്ധതിപ്രകാരം പുതിയ 15,000 വീടുകൾകൂടി മാർച്ച് 31-നകം പൂർത്തീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നൂറുദിന പരിപാടികളുടെ ഭാഗമായി 35,000 ഭവനങ്ങളുടെ നിർമാണപ്രവർത്തനങ്ങൾ തുടങ്ങുമെന്നും അദ്ദേഹം പറഞ്ഞു. ഭൂമിയും വീടും ഇല്ലാത്തവർക്കുള്ള അഞ്ച് ഭവനസമുച്ചയങ്ങളുടെ നിർമാണം മാർച്ച് 31-നുമുമ്പ് പൂർത്തീകരിക്കും. അയ്യൻകാളി നഗര തൊഴിലുറപ്പ് പരിപാടിയിൽ മാർച്ച് 31-നകം എട്ടുലക്ഷം തൊഴിൽദിനങ്ങൾകൂടി സൃഷ്ടിക്കും.

16 വില്ലേജ് ഓഫീസുകൾകൂടി സ്മാർട്ടാക്കും. 250 പഞ്ചായത്തുകൾകൂടി ശുചിത്വ പദവിയിലേക്ക് ഉയരുന്നതോടെ 80 ശതമാനം ഗ്രാമപ്രദേശവും ശുചിത്വ മാനദണ്ഡങ്ങളിലേക്ക് എത്തിച്ചേരും. കെ.എസ്.എഫ്.ഇ.യുമായി സഹകരിച്ച് കുടുംബശ്രീ നടപ്പാക്കുന്ന ലാപ്ടോപ്പ് വിതരണ പദ്ധതിയുടെ ഉദ്ഘാടനം ഫെബ്രുവരിയിൽ നടക്കും. ഇതുവരെ രജിസ്റ്റർ ചെയ്യാത്തവർക്ക് ഇനിയും രജിസ്റ്റർചെയ്യാം. കുടുംബശ്രീയുടെ നേതൃത്വത്തിൽ 500 കയർ ആൻഡ് ക്രാഫ്റ്റ് സ്റ്റാളുകൾ തുറക്കും. ആറു പ്രധാന കിഫ്ബി ജലവിതരണ പദ്ധതികൾ രണ്ടാം നൂറുദിന പരിപാടിയിൽ ഉദ്ഘാടനം ചെയ്യും. മാർച്ച് 31-നുമുമ്പ് 50,000 കിലോമീറ്റർ നീർച്ചാലുകൾ വീണ്ടെടുക്കും.

## മറ്റുപദ്ധതികൾ

തോട്ടംതൊഴിലാളികൾക്കുള്ള പ്രത്യേക ഭവനപദ്ധതിയിൽ വയനാട്ടിലെ തോട്ടം തൊഴിലാളികളുടെ വീടുകളുടെ ശിലാസ്ഥാപനം. ചെല്ലാനം, താനൂർ, വെള്ളയിൽ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ കമ്മിഷനിങ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഗേറ്റ് കോംപ്ലക്സ് ഉദ്ഘാടനം. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള പുനർഗേഹം പദ്ധതിയിൽ 774 കുടുംബങ്ങൾക്കുള്ള ഫ്ലാറ്റുകൾ/വീടുകളുടെ ഉദ്ഘാടനം. മീൻപിടിത്തയാനങ്ങൾക്കും എൻജിനുകൾക്കും ഇൻഷുറൻസ്. രണ്ട് മറൈൻ ആംബുലൻസുകൾ പ്രവർത്തനക്ഷമമാക്കും. പട്ടികജാതി-വർഗ വികസന കോർപ്പറേഷൻ വഴി 2000 പേർക്ക് സ്വയംതൊഴിൽ വായ്പ.

3500 പേർക്ക് വനാവകാശ രേഖയും 2500 പേർക്ക് നിക്ഷിപ്ത വനഭൂമിയിലുള്ള അവകാശവും 300 പേർക്ക് ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം കൃഷിഭൂമിയും. 4800 പട്ടികവർഗ വീടുകൾകൂടി പൂർത്തീകരിക്കും. പ്രവാസികൾക്കുള്ള ക്ഷേമപദ്ധതികകൾ ജനുവരിയിൽ.

തിരുവനന്തപുരം സൈബർ ഡോം കെട്ടിടം, ക്രൈംബ്രാഞ്ച് കോംപ്ലക്സ്, മൂന്നാം ഡിസ്ട്രിക്ട് ട്രെയിനിങ് സെന്റർ, വിവിധ ജില്ലകളിലെ ഡിസ്ട്രിക്ട് കമാൻഡന്റ് കൺട്രോൾ സെന്ററുകൾ, ആലുവ പോലീസ് സ്റ്റേഷൻ കെട്ടിടം, കൊച്ചിയിലെ സ്മാർട്ട് പോലീസ് സ്റ്റേഷൻ എന്നിവയുടെ ഉദ്ഘാടനം. ഒമ്പത് സാംസ്കാരിക കേന്ദ്രങ്ങളുടെ ഉദ്ഘാടനം. പെരളശ്ശേരി എ.കെ.ജി. മ്യൂസിയം, ചന്തപ്പുരയിലെ തെയ്യം മ്യൂസിയം, രാജാരവിവർമ ആർട്ട് ഗ്യാലറി കെട്ടിടം എന്നിവയുടെ ശിലാസ്ഥാപനം. 185 കോടി രൂപ മുതൽമുടക്കിൽ ഒമ്പതു പുതിയ സ്റ്റേഡിയങ്ങൾക്ക് ശിലാസ്ഥാപനം. 182 കോടി രൂപയുടെ അമൃത് സ്കീമിൽപ്പെട്ട 24 പദ്ധതികളുടെ ഉദ്ഘാടനം. 189 കോടി രൂപയുടെ ചെലവുവരുന്ന മറ്റു 37 നഗരവികസന പദ്ധതികൾ.

Scanned with CamScanner